പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1536 14.06.2013-ലെ മറുപടിയ്ക്ക്

## ഉൽപ്പാദന മേഖലയ്ക്ക് പ്രാമുഖ്യമുള്ള പദ്ധതികൾ

| ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ഉത്തരം<br>ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
|---|---|
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ ഉത്പാദന മേഖലയ്ക്ക് പ്രാമുഖ്യം നൽകാത്തതു മൂലം കാർഷിക മേഖലയിൽ ഉളവായിട്ടുള്ള മാന്ദ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) 2012-13-ൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കൃഷിഭവനുകൾ മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; | (ബി) സമഗ്ര നെൽകൃഷി വികസനം, സമഗ്ര കേര വികസനം, വേനൽക്കാല പച്ചക്കറി കൃഷി, തെങ്ങിന് വളം ചെയ്യൽ, കാർഷിക യന്ത്രങ്ങൾ വാങ്ങൽ, ജലസംരക്ഷണം, വനിതകൾക്ക് പുഷ്പ കൃഷി, ഇടവിള കൃഷി പ്രോത്സാഹനം, പാടശേഖരങ്ങളിൽ സംഘ കൃഷി, വാഴകൃഷി, ജൈവവള വിതരണം തുടങ്ങിയവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൃഷിഭവനുകൾ മുഖേന നടപ്പാക്കിയ പദ്ധതികൾ. |
| (സി) ഇവയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (സി) ഉണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും വിലയിരുത്തൽ നടത്തിയിട്ടുണ്ട്. |
| (ഡി) ഓരോ പദ്ധതിക്കും അനുവദിക്കപ്പെട്ട തുക മുഴുവനും ചെലവഴിക്കാൻ സാധിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) ഓരോ പദ്ധതിക്കും തുക മാറ്റി വയ്ക്കുന്നതും ചെലവാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനാൽ ഓരോ പദ്ധതിയ്ക്കും മാറ്റിവച്ചതിന്റെയും ചെലവാക്കിയതിന്റെയും കണക്ക് സംസ്ഥാനതലത്തിൽ സൂക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ